നം. കൈറ്റ്/2025/1748 (10) തീയതി: 18.04.2025

# സർക്കുലർ

**വിഷയം:– കൈറ്റ് – പൊതുവിദ്യാഭ്യാസം– 2025–26 ലെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ ട്രാൻസ്ഫർ – 2023–24–ലെ Staff Fixation നടത്തിയതിൽ ഇതുവരെ profile update ചെയ്യാൻ കഴിയാത്ത അധ്യാപകരുടെ Profile Update ചെയ്യുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ – സംബന്ധിച്ച്**

സൂചന:– 1. 27.03.2025 ലെ സ.ഉ. (സാധാ) നം. 2282/2025/GEDN നമ്പർ സർക്കാർ ഉത്തരവ്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.04.2025–ലെ HSE/3693/2025–Ad C6 നമ്പർ സർക്കുലർ

2023–24–ലെ Staff Fixation–ന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ 11.03.2025–ന് ട്രാൻസ്ഫർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതിൽ ചില അധ്യാപകർക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് കാരണത്താൽ അവർക്ക് ഏത് സ്കൂളിൽ നിന്നും അവരുടെ Profile update ചെയ്യണം എന്ന് വ്യക്തതയില്ലാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്നാൽ സമയബന്ധിതമായി ജനറൽ ട്രാൻസ്ഫർ പൂർത്തിയാക്കണമെന്ന ബഹു. കേരള അഡ്മിനിട്രേറ്റീവ് ട്രിബ്യൂണലിന്റെ തന്നെ ഉത്തരവ് നിലനിൽക്കുന്നതിനാലും, 2024–25 അദ്ധ്യയന വർഷം പൂർത്തിയായതിനാലും, 2025–26 വർഷത്തേയ്ക്കുള്ള ജനറൽ ട്രാൻസ്ഫർ സമയ ബന്ധിതമായി നടത്തേണ്ടതിനാലും മുഴുവൻ അധ്യാപകരുടേയും Profile details–ഉം വേക്കൻസികളും കൃത്യമാക്കിയാൽ മാത്രമേ സൂചന 1 ഉത്തരവ് പ്രകാരം സർക്കാർ ചുമതലപ്പെടുത്തിയ കൈറ്റിന് ജനറൽ ട്രാൻസ്ഫറിന്റെ സാങ്കേതിക പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയൂ.

അതിനായി താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 11.03.2025–ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം പുതിയ സ്കൂളിൽ ജോയിൻ ചെയ്ത അധ്യാപകരുടെ Profile details ട്രാൻസ്ഫർ പോർട്ടലിൽ ആ സ്കൂളിൽതന്നെ നൽകാൻ പ്രിൻസിപ്പൽമാർ സൗകര്യമൊരുക്കേണ്ടതാണ്.

2. 11.03.2025–ലെ ഉത്തരവ് പ്രകാരം നിലവിലെ സ്കൂളിൽ നിന്ന് റിലീവ് ചെയ്യുകയും പുതിയ സ്കൂളിൽ ജോയിൻ ചെയ്യാൻ സാധിക്കാത്തതുമായ അധ്യാപകരുടെ കാര്യത്തിൽ ടി അധ്യാപകരെ 2025–26–ലെ ജനറൽ ട്രാൻസ്ഫറിന് ഉൾപ്പെടുത്തുന്നതിന് മാത്രമായി പുതിയ സ്കൂളിലെ പ്രിൻസിപ്പൽ മാർ (അധ്യാപകർ ജോയിൻ ചെയ്തിട്ടില്ലെങ്കിലും) ആ സ്കൂളിൽ അവരെ ട്രാൻസ്ഫർ സൈറ്റിൽ ഉൾപ്പെടുത്തി Profile update ചെയ്യാൻ അവസരം നൽകേണ്ടതാണ്.

3. 11.03.2025-ലെ ഉത്തരവ് പ്രകാരം സ്വന്തം സ്കൂളിൽ നിന്നും റിലീവ് ചെയ്യാത്തവരും, ചെയ്യാൻ കഴിയാത്തതുമായ അധ്യാപകർക്ക് ആ സ്കൂളിൽ നിന്നു തന്നെ പ്രിൻസിപ്പൽമാർ പോസ്റ്റിങ്ങ് സ്റ്റാറ്റസ് Excess എന്ന് രേഖപ്പെടുത്തി പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാൻ സൗകര്യം ഒരുക്കേണ്ടതാണ്.

മേൽ പറഞ്ഞ കാര്യങ്ങൾക്ക് പോർട്ടലിൽ School Assigning പോലുള്ള Technical Clearance ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്ന് ആവശ്യം വരുന്ന പക്ഷം അക്കാര്യം അറിയിക്കുന്ന മുറയ്ക്ക് ചെയ്തു തരുന്നതാണ്.

ഇത്തരം അധ്യാപകർക്ക് Profile Update ചെയ്യാനുള്ള അവസാന തീയതി 22.04.2025 വൈകുന്നേരം 04.00 മണി വരെ ആയിരിക്കും.

എന്നിട്ടും പരിഹരിക്കാത്ത സമാന സ്വഭാവത്തിലുള്ള കേസുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകളോടെ 23.04.2025-ന് പൂജപ്പുരയിലുള്ള കൈറ്റ് ഓഫീസിൽ സജ്ജമാക്കിയിട്ടുള്ള ഹെൽപ്പ്ഡെസ്കിൽ ബന്ധപ്പെട്ട അധ്യാപകർ/ പ്രിൻസിപ്പൽമാർ നേരിട്ട് ഹാജരായി പരിഹരിക്കാൻ അവസരമുണ്ടായിരിക്കും.

സമയബന്ധിതമായി ട്രാൻസ്ഫർ പ്രക്രിയ പൂർത്തിയാക്കേണ്ടതിനാൽ മേൽ തീയതികൾ യാതൊരു കാരണവശാലും നീട്ടിനൽകുന്നതല്ല.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പൊതുവിദ്യാഭ്യാസ ഡയറക്ടർ ( അറിവിലേക്കായി )

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹയർസെക്കന്ററി വിഭാഗം

എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും

എല്ലാ സർക്കാർ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും ബന്ധപ്പെട്ട അധ്യാപകർക്കും

സ്റ്റോക്ക് ഫയൽ